

പ്രഫ. മോനമ്മ കോക്കാട്
(മുൻ വനിതാ കമ്മീഷൻ അംഗം)

# ചാവറയച്ചന്റെ സ്നേഹവിപ്ലവവും ചില സ്ത്രീ ശാക്തീകരണ ചിന്തകളും

ഒരു വലിയ ക്രാന്തദർശിയായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ. സമൂഹത്തിന്റെയും പ്രത്യേകിച്ച് സ്ത്രീകളുടേയും പ്രശ്നങ്ങൾ മുൻകൂട്ടി കണ്ട ഒരു യുഗപുരുഷൻ. ആ ഉൾക്കാഴ്ചയുടെ തീവ്രതകൊണ്ടായിരിക്കുമല്ലോ സ്ത്രീ ശാക്തീകരണചിന്തകൾ വികസിത രാജ്യങ്ങളിൽപ്പോലും എത്തിനോക്കിയിട്ടില്ലാത്ത ഒരു കാലയളവിൽ സ്ത്രീ സ്വാശ്രയത്വത്തിനുവേണ്ടി ക്രിയാത്മക നടപടികളെടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. കർമ്മലീത്താ സന്യാസിനീ സമൂഹത്തിന് ജന്മം കൊടുത്തപ്പോൾ അദ്ദേഹത്തിന്റെ ഭാവനയിലുണ്ടായിരുന്നത് സ്വന്തം കാലിൽ നിൽക്കാൻ കഴിവുള്ള ഒരു സ്ത്രീസമൂഹമായിരുന്നു. കർമ്മലീത്താ സന്യാസിനീ സഭയും അതുപോലെ മറ്റനേകം സന്യാസിനീ സഭകളും കേരള മണ്ണിൽ പിൽക്കാലത്ത് വളർന്നുപന്തലിച്ചു. പക്ഷേ വരികൾക്കുള്ളിൽ വായിക്കുമ്പോൾ സന്യാസിനികളിൽ മാത്രമായി ഒതുങ്ങുന്ന ഒരു ദർശനമായിരുന്നില്ല ചാവറപ്പിതാവിന് ഉണ്ടായിരുന്നത് എന്നെനിക്കു തോന്നുന്നു. അദ്ദേഹം വഴിതെളിച്ച സ്നേഹവിപ്ലവം സ്ത്രീജനങ്ങൾ ഏറ്റെടുക്കണമെന്നും അതുവഴി സ്വയം ശാക്തീകരണവും കുടുംബ സമൂഹ ശാക്തീകരണവും നടപ്പിലാക്കണമെന്നും ആ വന്ദ്യദേഹം ഉദ്ദേശിച്ചിരുന്നില്ലേ? ഉണ്ടെന്നുതന്നെയാണ് എന്റെ നിഗമനം. മഹനീയമായ ഒട്ടനവധി ആശയങ്ങൾ കൊണ്ടുനടന്ന ആ പ്രതിഭാശാലിയുടെ ശ്രേഷ്ഠമനസിൽ സ്ത്രീകളെക്കുറിച്ച് ഒരു വലിയ സ്വപ്നം ഉണ്ടായിരുന്നു. സ്നേഹത്തിന്റെ കരുത്തുറ്റ ശക്തിയിൽ സ്വയം ശക്തിയാർജിക്കുകയും ആ ശക്തിയുടെ മഹത്തായ ഉപയോഗത്തിലൂടെ കുടുംബത്തേയും സമൂഹത്തേയും രക്ഷിക്കുകയും ചെയ്യുന്ന സ്ത്രീ എന്ന സ്വപ്നം.

ആ സ്വപ്നത്തിന് എന്നത്തേക്കാളുമേറെ ഇന്നു പ്രസക്തിയുണ്ട്. ദുഃഖത്തിന്റെയും ദുരിതത്തിന്റെയും അന്ധകാരത്തിന്റെയും ദിനങ്ങളാണെന്ന് സുബോധമുള്ളവരെല്ലാം വിലപിക്കുന്ന കാലമാണിത്. പണ്ടെങ്ങുമില്ലാത്തവിധം ഹിംസയും അക്രമവും കൊള്ളയും കൊള്ളരുതായ്മയും സമൂഹജീവിതത്തിൽ പടർന്നുകയറുന്നു. മതവൈര്യം മൂത്തുമൂത്ത് എല്ലാം ഭസ്മീകരിക്കപ്പെടുന്ന അവസ്ഥയിൽ എത്തിനിൽക്കുന്നു. മതങ്ങളുടെ നിലനിൽപുതന്നെ മറ്റുമ



ചാവറയച്ചനും സന്യാസിനിമാരും– ചിത്രകാരന്റെ ഭാവനയിൽ

തങ്ങളെ നിർമാർജനം ചെയ്യാനെന്നു തോന്നിക്കുംവിധം കാര്യങ്ങൾ വളർന്നുകഴിഞ്ഞു. കുടുംബങ്ങൾ കടപുഴകി വീഴുന്നു. പനിക്കു ചികിത്സിക്കാൻ പോകുന്ന ലാഘവത്തോടെ ഭാര്യാഭർത്താക്കന്മാർ വിവാഹമോചനത്തിനായി കുടുംബക്കോടതികളിൽ എത്തിച്ചേരുന്നു. മദ്യപാനികളുടെയും ലഹരി ഉപയോഗിക്കുന്നവരുടെയും എണ്ണം അനുദിനം പെരുകുന്നു. ഇക്കൂട്ടരാൽ സ്ത്രീകളും കുഞ്ഞുങ്ങളും തല്ലിച്ചതയ്ക്കപ്പെടുന്നു. സ്ത്രീകൾ മറ്റൊരിക്കലും സംഭവിച്ചിട്ടില്ലാത്തവിധം പീഡിപ്പിക്കപ്പെടുകയും, ചൂഷണം ചെയ്യപ്പെടുകയും അവഹേളിതരാവുകയും ചെയ്യുന്നു. വഴിതെറ്റിയ കൗമാരങ്ങളും യൗവനങ്ങളും ഭാവിക്ക് ഘോരഭീഷണിയാവുന്നു. അശരണരും അനാഥരുമാകുന്ന വൃദ്ധജനങ്ങൾ വൃദ്ധസദനങ്ങൾ തേടി അലയുന്നു. എല്ലാത്തിനുമുപരി ദൈവത്തിന്റെ ഈ സ്വന്തം നാട് ആത്മഹത്യയിൽ രാജ്യത്തെ ഒന്നാംസ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു.

ഭയാവഹങ്ങളായ പ്രശ്നങ്ങളുടെ ഗുരുതരാവസ്ഥയോർത്ത് ഏവരും വിലപിക്കുന്നു. പക്ഷേ ആരുടെ പക്കലും ഫലവത്തായ ഒരു പരിഹാരമാർഗം ഇല്ല എന്നതാണ് യാഥാർഥ്യം. കരകാണാക്കടൽപോലെ അതിവ്യാപകമായ പ്രശ്നങ്ങളുടെ മുൻപിൽ സർവരും നിസഹായതയോടെ മല്ലടിക്കുമ്പോൾ ചാവറയച്ചൻ തുടങ്ങിവച്ച സ്നേഹവിപ്ലവം രജതരേഖയായി തെളിഞ്ഞുവരുന്നു. സ്ത്രീപുരുഷ ഭേദമന്യേ ആർക്കും ഈ വിപ്ലവം ഏറ്റെടുത്തു നടത്താമെങ്കിലും നിസ്വാർത്ഥ സ്നേഹത്തിന്റെ അവതാരങ്ങളെന്ന വിശേഷണം ഏറ്റുവാങ്ങിയിട്ടുള്ള അമ്മമാർക്കായിരിക്കുമല്ലോ ഈ ദൗത്യം ഏറ്റെടുക്കൽ കൂടുതൽ എളുപ്പമാകുക. സ്നേഹത്തിന്റെയും ശാന്തിയുടെയും ദീപം തെളിയിക്കുവാൻ അസാധാരണകഴിവ് കിട്ടിയിട്ടുണ്ട് എന്ന് അഭിമാനിക്കുന്ന സ്ത്രീ ജനങ്ങൾക്ക് അത് തെളിയിക്കുവാനുള്ള ഒരു അവസരമായിരിക്കില്ലേ ഈ വെല്ലുവിളി ഏറ്റെടുക്കൽ?

ആത്മീയതയിൽ അടിയുറച്ച സ്നേഹഭാവത്തിന്റെ മഹാശക്തി കൈവശമുണ്ടായിരുന്നു എന്നതാണ് ചാവറയച്ചന്റെ ജീവിതവിജയരഹസ്യം. സ്നേഹത്തിന്റേയും ദയയുടേയും കരുതലിന്റേയും അതിശക്തമായ നീരൊഴുക്ക് ഉണ്ടായിരുന്ന ആ ഹൃദയത്തിൽ നിന്നും ജാതിമതവർണദേശ ഭേദമില്ലാതെ ഏവർക്കും ആശ്വാസജലം കിട്ടിയിരുന്നു. അനേകരെ തന്നിലേക്ക് ആകർഷിക്കാനും അവർക്ക് സമാധാനവും ശാന്തിയും പകർന്നുകൊടുക്കാനും ആ വന്ദ്യദേഹത്തിന് സാധിച്ചത് അതിരുകളും കണക്കുകളും ഇല്ലാത്ത സ്നേഹത്തിന്റെ വൻശക്തിയിലായിരുന്നു. ഈ സിദ്ധിയെ അല്ലാതെ മറ്റെന്തിനെയാണ് ശാക്തീകരണം എന്നു വിളിക്കുക? സ്വയം ശക്തിപ്പെടുത്താനും ചുറ്റുമുള്ളവരെയെല്ലാം രക്ഷിക്കാനും പര്യാപ്തമായ വിശിഷ്ടബലം. സ്ത്രീകളേപ്പറ്റിയുള്ള ചാവറപ്പിതാവിന്റെ ദർശനത്തിലും ഈ ശാക്തീകരണമാണ് അദ്ദേഹം ഉദ്ദേശിച്ചിരുന്നത് എന്നാണ് എന്റെ വിശ്വാസം.

അദ്ദേഹം തുടങ്ങിവച്ച സ്നേഹവിപ്ലവത്തിന്റെ പിൻഗാമികളാകുമ്പോഴാണ് യഥാർത്ഥ സ്ത്രീശാക്തീകരണം സംഭവിക്കുന്നത്. സ്ത്രീ ശാക്തീകരണത്തിന്റെ അർത്ഥംതന്നെ ഇവിടെ അതിവിപുലമാകുന്നു. സ്വന്തം ഗർഭപാത്രത്തിൽ നിന്നും വന്ന സ്വന്തം മക്കൾക്കുവേണ്ടി നിസ്വാർത്ഥതയുടെ ഏതളവുവരെ പോകാനും സ്വയം ശൂന്യവത്കരണത്തിന്റെ ഏതുഭാവം ഏറ്റുവാങ്ങാനും സ്ത്രീ തയാറാണ്. പക്ഷേ അത് തന്റെ വയറ്റിൽ പിറന്ന മക്കൾക്കുവേണ്ടി മാത്രമായി പരിമിതപ്പെടുത്തുമ്പോൾ അതിന് നിസ്വാർത്ഥതയുടെ ദൈവിക പരിവേഷം നഷ്ടമാകുകയും സ്വാർത്ഥതയുടെ അധമത്വത്തിലേക്കു മടങ്ങുകയും ചെയ്യുന്നു. വിശ്വത്തോളം വിശാലമായ മാതൃഭാവത്തിന് ദിവ്യത്വം ഉണ്ടാകുന്നത് ചുറ്റുമുള്ള സർവമനുഷ്യരേയും സ്വന്തം മക്കളായി അതിരുകളും ഭേദങ്ങളുമില്ലാതെ സ്നേഹിക്കുമ്പോഴാണ്. സ്വന്തമെന്ന പദത്തിന് എന്തർത്ഥം എന്നു ചോദിക്കുന്ന കവിയോട് നെഞ്ചത്ത് കൈവച്ച് ഉത്തരംപറയാൻ സാധിക്കണം, ഈ ലോകത്ത് പിറന്ന എല്ലാ മക്കളും എന്റെ സ്വന്തം മക്കൾ എന്ന്. അവിടെ ഹിന്ദുവെന്നോ മുസ്ലീമെന്നോ ക്രിസ്ത്യാനിയെന്നോ വ്യത്യാസം പാടില്ല. താൻ പ്രസവിച്ച മക്കൾക്കും അന്യർ പ്രസവിച്ച മക്കൾക്കും തന്റെ ഹൃദയത്തിൽ ഒരേസ്ഥാനം. ഇന്നിന്റെ ദുരിതങ്ങൾക്ക് അറുതിവരുത്താൻ ഈ സ്നേഹമാണാവശ്യം; ഈ സ്നേഹത്തിനേ അതിനു കഴിയൂ. ഈ ദിവ്യഭാവത്തെ വിശ്വമാതൃഭാവമെന്നു നമുക്കു വിളിക്കാം. ഇതിന്റെ മാന്ത്രികവലയത്തിൽ ഭർത്താവിനോടും സ്വന്തം മക്കളോടുമൊപ്പം മറ്റുള്ള എല്ലാ സഹജീവികളും സ്വന്തക്കാരായി സ്ഥാനം പിടിക്കുമ്പോൾ കുടുംബങ്ങൾ രക്ഷപ്പെടും; ഒരളവുവരെ സമൂഹവും.

തന്റെ മക്കൾക്കെല്ലാം അമ്മ ഈ സൂക്തം ഓതിക്കൊടുത്ത് വിശ്വമൈത്രീഭാവത്തിൽ അവരെ വളർത്തിയെടുത്താൽ മതസ്പർദ്ധയുടെ ഘോരാഗ്നിയിൽ നമുക്ക് വിലപ്പെട്ടതെല്ലാം എരിഞ്ഞടങ്ങില്ല. ചാവറയച്ചൻ വിഭാവനം ചെയ്ത സ്നേഹവിപ്ലവം ഇതുതന്നെയാണ്. സ്ത്രീകളിൽനിന്ന് പുറപ്പെടുമ്പോൾ ഇതിന് പതിവിലേറെ ശക്തി കാണും. കാരണം അമ്മയുടെ സ്വാധീനത്തിനു തുല്യം മറ്റൊന്നില്ലാത്തതു തന്നെ. ഹിന്ദുവും മുസ്ലീമും ക്രിസ്ത്യാനിയും ഒരേപോലെ ജനിക്കുകയും മരിക്കുകയും സിരകളിൽ ഒരേനിറത്തിലുള്ള രക്തം വഹിക്കുകയും ചെയ്യുന്നവരാണെന്ന് പഠിപ്പിച്ചെടുക്കുവാൻ മൈതാന പ്രസംഗങ്ങൾക്കാവില്ലെങ്കിലും അമ്മയുടെ സ്വാധീനത്തിനാവും. എല്ലാവരും ഏകോദരസഹോദരങ്ങളാണെന്ന സത്യം അമ്മയുടെ വായിൽനിന്നും എന്നും കേട്ടുവളരുന്ന മക്കൾ ഏതു മതത്തിലും ജാതിയിലും ജനിച്ചുവളർന്നാലും മറ്റുള്ളവരെയെല്ലാം സ്നേഹിക്കും. ഓരോ കുടുംബത്തിലെ ഓരോ അമ്മയും തന്റെ മക്കളുടെ മനസുകളിൽ നിന്നും വിദ്വേഷമെന്ന വിഷം മാറ്റിയെടുക്കുമെങ്കിൽ ഉണ്ടാകാവുന്ന അദ്ഭുതാവസ്ഥ സങ്കൽപിച്ചാൽതന്നെ എത്ര മധുരതരമാണ്.

ചരിത്രകാരന്മാർ വാനോളം പുകഴ്ത്തുന്ന ചാവറയച്ചന്റെ ശത്രുസ്നേഹവും ഇവിടെ പ്രസക്തമാവുന്നു. തനിക്കെതിരെ കള്ളക്കേസ് കൊടുത്ത വ്യക്തിയോട് ക്ഷമിക്കുകയും പിന്നീട് ആ വ്യക്തി സാമ്പത്തികമായി തകർന്നപ്പോൾ രഹസ്യമായി സഹായിക്കുകയും ചെയ്ത ചാവറയച്ചന്റെ മാതൃക അനുകരിക്കാൻ സ്ത്രീപുരുഷഭേദം ആവശ്യമില്ലെന്നറിയാം. എങ്കിലും അങ്ങനെയുള്ളവരെ വിരലിലെണ്ണാവുന്നവിധത്തിൽപോലും നമുക്കുചുറ്റും കാണുന്നില്ല എന്ന ദുഃഖസത്യം ഉളവാക്കുന്ന തീവ്രവേദനയിൽ മനസ് വീണ്ടും പ്രത്യാശയുടെ ഒരു ചെറിയ കച്ചിത്തുരുമ്പിൽ പിടിച്ചുകയറുകയാണ്. അമ്മ എന്ന പ്രത്യാശ. ഈശ്വരന് എല്ലായിടത്തും എത്തിച്ചേരാൻ സാധിക്കാത്തതുകൊണ്ടാണ് അമ്മമാരെ സൃഷ്ടിച്ചത് എന്നെഴുതിയ ചിന്തകന്റെ വാക്കുകൾ അന്വർത്ഥമാകണമെങ്കിൽ ശത്രുസ്നേഹമെന്ന ദൈവഭാവവും സ്ത്രീകളുടെ മുഖമുദ്രയാക്കണം. രക്ഷയുടെ ഒരു നുറുങ്ങുവെട്ടം ലഭ്യമാക്കാൻ ആരെങ്കിലും മുൻപോട്ടു വന്നേ പറ്റൂ എന്ന ഇന്നത്തെ സ്ഥിതിവിശേഷത്തിൽ അത് സാന്ത്വനത്തിന്റെ തണലെന്ന വിശേഷണം ഏറെക്കിട്ടിയിട്ടുള്ള അമ്മമാർ തന്നെ ആവും. സ്ത്രീകൾക്ക് ചെറിയകാര്യങ്ങളേ ചെയ്യാനാവൂ എന്ന പരിഹാസം കേട്ടു തഴമ്പിച്ചതാണ്. എന്നാൽ ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്യാനും സ്ത്രീകൾക്കേ കഴിയൂ എന്ന കൂട്ടിച്ചേർക്കലിന്റെ വെളിച്ചത്തിൽ ചെറിയകാര്യങ്ങളുടെ ആകെത്തുകയായ മനുഷ്യജീവിതത്തിന്റെ നാനാവിധ പ്രശ്നങ്ങൾക്കും പരിഹാരമായി, മുറിച്ചുകൊടുക്കാനോ പകുത്തുനൽകാനോ സാധ്യമാവാത്ത അമ്മയുടെ വിശാലസ്നേഹം മാത്രം പ്രത്യക്ഷപ്പെടുന്നു. തിന്മയുടെ ശക്തികളുണ്ടാക്കുന്ന വൻനാശങ്ങൾക്ക് പ്രതിരോധമായി, കുടുംബത്തേയും സമൂഹത്തേയും കാത്തുസൂക്ഷിക്കുന്ന രക്ഷാമാർഗമായി മാറുമ്പോൾ ആ വിശ്വസ്നേഹം തന്നെയാണ് യഥാർഥ സ്ത്രീ ശാക്തീകരണം; ചാവറപ്പിതാവിന്റെ സ്നേഹവിപ്ലവത്തിന്റെ കാതലും അതുതന്നെ.